©
Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
അസാധാരണം
## PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LV<br>വാല്യം 55 | Thiruvananthapuram, Thursday<br>തിരുവനന്തപുരം, വ്യാഴം | 25th February 2010<br>2010 ഫെബ്രുവരി 25<br>6th Phalguna 1931<br>1931 ഫാൽഗുനം 6 | No. 457<br>നമ്പർ 457 |

GOVERNMENT OF KERALA

**Law (E) Department**

NOTIFICATION

O. (P) No. 2/2010/Law. *Dated Thiruvananthapuram, 25th February, 2010.*

THE KERALA REGISTRATION OF MARRIAGES (COMMON) AMENDMENT RULES, 2010

1. *Short title, extent and commencement.*—(1) These Rules may be called the Kerala Registration of Marriages (Common) Amendment Rules, 2010.

(2) They shall extend to the whole of the State of Kerala.

(3) They shall come into force at once.

2. *Amendment of rule 4.*—For rule 4 of the Kerala Registration of Marriages (Common) Rules, 2008 the following rule shall be substituted, namely:—

"4. *Registrar General of Marriages (Common)*.—The Deputy Director of Panchayats shall be the Registrar General of Marriages (Common) in respect of Panchayat and Urban areas and he shall supervise the implementation of these Rules.".

3. *Amendment of rule 9*.—In rule 9,—

(i) in sub-rule (1), for the words "two separate sets of photos" the words, "one set of photos" shall be substituted.

(ii) in sub-rule (2), for the words "within a period of two years from the date of commencement of these rules", the words and figures "on or before 31st December, 2010" shall be substituted.

(iii) in sub-rule (3), for the words "rupees ten", the words "rupees one hundred" shall be substituted.

(iv) after sub-rule (3), the following provisos shall be inserted, namely:—

"Provided that in the case of persons below the poverty line and those who belong to the Scheduled Castes/Scheduled Tribes, the fee for Registration of Marriages shall be rupees ten:

Provided further that in the event of the death of either the husband or the wife and if a memorandum, with the signature of two witnesses to the marriage together with sufficient documents to prove that the marriage had been solemnized, is filed by the person alive before the Local Registrar, he shall register the marriage."

4. *Amendment of rule 10*.—In rule 10, for the words "before the expiry two years after such commencement", the words and figures "on or befo 31st December, 2010" shall be substituted.

5. *Amendment of rule 11*.—In rule 11, for sub-rule (1), the following sub-rule shall be substituted, namely:—

"(1) On receipt of a memorandum and the prescribed fee for registration, the Local Registrar shall verify the entries in the memorandum for their accuracy and completeness and enter the particulars thereof forthwith in the Register of Marriages (Common) maintained by him in Form No. III appended to these Rules. The parties to the marriage shall personally appear before the Local Registrar at least once prior to the registration of marriage and put their signature in the space provided for the purpose in the Register of Marriages (Common). Thereafter, the Local Registrar shall record in the Register of

Marriages (Common) to the effect that the marriage has been registered and put his signature and affix the office seal. The marriage shall not be considered as registered merely for the reason that the parties have put their signature on the Register of Marriages (Common) in Form No. III. The marriage shall be considered to be registered only when the Local Registrar records in the Register of Marriages (Common) to the effect that the marriage has been registered and puts his signature and seal. As far as possible, the marriage shall be registered on the day itself on which the memorandum is filed. Where any doubt arises regarding the correctness of any entries in the memorandum, the Local Registrar may make such further enquiry as he deems fit and shall, within one week from the date of filing the memorandum, register the marriage or if it is found that the marriage cannot be so registered, record the same in the Register of Marriages (Common) in Form No. III and inform the parties to the marriage the reason for not registering the marriage. On payment of fee of rupees twenty, a certificate of marriage in proof of registration of marriage shall be issued in Form No. IV appended to these Rules to the applicant as far as possible on the day itself on which it is registered but not later than three working days. The entries relating to each marriage shall be given registration numbers consecutively for each calendar year and separate registers shall be maintained for each calendar year.".

6. *Amendment of Form No. III.*—In Form No. III, after item 6 and the entries against it, the following item and entries shall respectively be substituted, namely:—

"7. Marriage registered/Marriage not registered. (Reasons to be recorded if marriage is not registered)".

7. *Amendment of Form No. IV.*—In Form No. IV, in the table, under the entry 3, under the column 'Details', after item f (iii) the words and brackets "photographs" and "(Office seal covering photographs)" and the columns against them shall be omitted.

By order of the Governor,

K. Sasidharan Nair,
*Law Secretary.*

# കേരള സർക്കാർ

## നിയമ (ഇ) വകുപ്പ്

## വിജ്ഞാപനം

സ. ഉ. (അച്ചടിച്ചത്) നമ്പർ 2/2010/നിയമം *തിരുവനന്തപുരം, 2010 ഫെബ്രുവരി 25.*

**2010-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ**

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2010-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ എന്ന് പേർ പറയാം.

(2) ഇവയ്ക്ക് കേരള സംസ്ഥാനത്തൊട്ടാകെ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 4-ാം ചട്ടത്തിനുള്ള ഭേദഗതി.—2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ 4-ാം ചട്ടത്തിന് പകരം താഴെ പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"4. വിവാഹ (പൊതു) രജിസ്ട്രാർ ജനറൽ.—പഞ്ചായത്ത് പ്രദേശങ്ങളേയും നഗര പ്രദേശങ്ങളേയും സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിവാഹ (പൊതു) രജിസ്ട്രാർ ജനറൽ ആയിരിക്കുന്നതും അദ്ദേഹം ഈ ചട്ടങ്ങൾ നടപ്പിലാക്കുന്നതിന്റെ മേൽനോട്ടം വഹിക്കേണ്ടതുമാണ്.".

3. 9-ാം ചട്ടത്തിനുള്ള ഭേദഗതി.—9-ാം ചട്ടത്തിൽ,—

(i) (1)-ാം ഉപചട്ടത്തിൽ, "രണ്ട് സെറ്റ് ഫോട്ടോ" എന്ന വാക്കുകൾക്ക് പകരം "ഒരു സെറ്റ് ഫോട്ടോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (2)-ാം ഉപചട്ടത്തിൽ "ഈ ചട്ടങ്ങൾ നിലവിൽ വന്ന തീയതി മുതൽ രണ്ടു വർഷങ്ങൾക്കുള്ളിൽ" എന്ന വാക്കുകൾക്ക് പകരം "2010 ഡിസംബർ 31-ാം തീയതിയോ അതിന് മുമ്പോ" എന്ന അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

(iii) (3)-ാം ഉപചട്ടത്തിൽ "പത്തു രൂപ" എന്ന വാക്കുകൾക്ക് പകരം "നൂറു രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(iv) (3)-ാം ഉപചട്ടത്തിനുശേഷം താഴെ പറയുന്ന ക്ലിപ്തനിബന്ധനകൾ ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെയും പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെയും സംഗതിയിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ് പത്ത് രൂപ ആയിരിക്കുന്നതാണ് :

എന്നു മാത്രമല്ല, ഭാര്യാഭർത്താക്കന്മാരിലൊരാൾ മരണപ്പെട്ടുപോയിട്ടുള്ള സംഗതിയിൽ ജീവിച്ചിരിക്കുന്നയാൾ വിവാഹത്തിന് സാക്ഷ്യം വഹിച്ച രണ്ടാളുകളുടെ ഒപ്പ് സഹിതം ഒരു മെമ്മോറാണ്ടം, വിവാഹം നടന്നു എന്ന് തെളിയിക്കുന്നതിനുള്ള മതിയായ രേഖകൾ സഹിതം തദ്ദേശ രജിസ്ട്രാർ മുമ്പാകെ ഹാജരാക്കുന്നപക്ഷം, അദ്ദേഹം വിവാഹം രജിസ്റ്റർ ചെയ്തുനൽകേണ്ടതാണ്."

4. 10-ാം ചട്ടത്തിനുള്ള ഭേദഗതി.—10-ാം ചട്ടത്തിൽ, "അപ്രകാരം നിലവിൽ വന്നതിനു ശേഷം രണ്ടു വർഷം കഴിയുന്നതിനുമുമ്പ്" എന്ന വാക്കുകൾക്ക് പകരം, "2010 ഡിസംബർ 31-ാം തീയതിയോ അതിനുമുമ്പോ" എന്ന അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

5. 11-ാം ചട്ടത്തിനുള്ള ഭേദഗതി.—11-ാം ചട്ടത്തിൽ, (1)-ാം ഉപചട്ടത്തിനുപകരം താഴെ പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(1) മെമ്മോറാണ്ടവും രജിസ്റ്റർ ചെയ്യുന്നതിനുള്ള നിശ്ചിതഫീസും ലഭിക്കുന്നതിന്മേൽ തദ്ദേശ രജിസ്ട്രാർ, മെമ്മോറാണ്ടത്തിലെ ഉൾക്കുറിപ്പുകളുടെ കൃത്യതയും പൂർണ്ണതയും പരിശോധിക്കേണ്ടതും അവയുടെ വിശദവിവരങ്ങൾ ഈ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള III-ാം നമ്പർ ഫാറത്തിൽ, അദ്ദേഹം വച്ചുപോരുന്ന രജിസ്റ്ററിൽ ഉടൻതന്നെ ചേർക്കേണ്ടതുമാണ്. വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുമുമ്പായി വിവാഹത്തിലേർപ്പെട്ട കക്ഷികൾ തദ്ദേശ രജിസ്ട്രാർ മുമ്പാകെ ഒരു പ്രാവശ്യമെങ്കിലും നേരിട്ട് ഹാജരാകേണ്ടതും വിവാഹ (പൊതു) രജിസ്റ്ററിൽ ഈ ആവശ്യത്തിലേക്കായി നൽകിയിട്ടുള്ള സ്ഥലത്ത് അവരുടെ ഒപ്പ് വയ്ക്കേണ്ടതുമാണ്. അതിനുശേഷം തദ്ദേശ രജിസ്ട്രാർ വിവാഹ (പൊതു) രജിസ്റ്ററിൽ വിവാഹം രജിസ്റ്റർ ചെയ്തു എന്നു രേഖപ്പെടുത്തേണ്ടതും അദ്ദേഹത്തിന്റെ കൈയ്യൊപ്പ് വയ്ക്കേണ്ടതും ഓഫീസ് മുദ്ര പതിക്കേണ്ടതുമാണ്. III-ാം നമ്പർ ഫാറത്തിലുള്ള വിവാഹ (പൊതു) രജിസ്റ്ററിൽ കക്ഷികൾ ഒപ്പുവെച്ചു എന്ന കാരണത്താൽ മാത്രം വിവാഹം രജിസ്റ്റർ ചെയ്തതായി പരിഗണിക്കുവാൻ പാടുള്ളതല്ല. വിവാഹം രജിസ്റ്റർ ചെയ്തു എന്ന് തദ്ദേശ രജിസ്ട്രാർ വിവാഹ (പൊതു) രജിസ്റ്ററിൽ രേഖപ്പെടുത്തി കൈയ്യൊപ്പും മുദ്രയും വെയ്ക്കുമ്പോൾ മാത്രമേ വിവാഹം രജിസ്റ്റർ ചെയ്തതായി പരിഗണിക്കുവാൻ പാടുള്ളൂ. കഴിയുന്നതും മെമ്മോറാണ്ടം സമർപ്പിക്കുന്ന ദിവസം തന്നെ വിവാഹം രജിസ്റ്റർ ചെയ്യേണ്ടതാണ്. മെമ്മോറാണ്ടത്തിലെ ഏതെങ്കിലും ഉൾക്കുറിപ്പുകളെ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്നപക്ഷം തദ്ദേശ രജിസ്ട്രാർക്ക് യുക്തമെന്ന് തോന്നുന്ന അപ്രകാരമുള്ള കൂടുതൽ അന്വേഷണം നടത്താവുന്നതും മെമ്മോറാണ്ടം സമർപ്പിച്ച തീയതി മുതൽ ഒരാഴ്ച കാലയളവിനുള്ളിൽ വിവാഹം രജിസ്റ്റർ ചെയ്യേണ്ടതും അല്ലെങ്കിൽ അപ്രകാരം വിവാഹം രജിസ്റ്റർ ചെയ്യത്തക്കതല്ലായെന്ന് കാണുന്നപക്ഷം ആയത് III-ാം നമ്പർ ഫാറത്തിലുള്ള വിവാഹ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും വിവാഹം രജിസ്റ്റർ ചെയ്യാതിരുന്നതിനുള്ള കാരണം വിവാഹത്തിൽ ഏർപ്പെട്ട കക്ഷികളെ അറിയിക്കേണ്ടതുമാണ്. വിവാഹം രജിസ്റ്റർ ചെയ്തതിന് തെളിവായി വിവാഹ സാക്ഷ്യപത്രം, ഇരുപതു രൂപ ഫീസ് നൽകുന്നതിന്മേൽ ഈ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള IV-ാം നമ്പർ ഫാറത്തിൽ കഴിയുന്നതും അത് രജിസ്റ്റർ ചെയ്ത ദിവസം തന്നെയും എന്നാൽ മൂന്നു പ്രവർത്തി ദിവസങ്ങൾ കഴിയുന്നതിനുമുമ്പായും അപേക്ഷകന് നൽകേണ്ടതാണ്. ഓരോ വിവാഹവുമായി ബന്ധപ്പെട്ട ഉൾക്കുറിപ്പിന് ഓരോ കലണ്ടർ വർഷത്തിലും തുടർച്ചയായ രജിസ്ട്രേഷൻ നമ്പർ നൽകേണ്ടതും ഓരോ കലണ്ടർ വർഷത്തിലും പ്രത്യേകം പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.".

6. ഫാറം നമ്പർ III-ന്റെ ഭേദഗതി.—ഫാറം നമ്പർ III-ന്റെ 6-ാം ഇനത്തിനും അതിനെതിരെയുള്ള ഉൾക്കുറിപ്പുകൾക്കുംശേഷം യഥാക്രമം താഴെ പറയുന്ന ഇനവും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

"7. വിവാഹം രജിസ്റ്റർ ചെയ്തു/വിവാഹം രജിസ്റ്റർ ചെയ്തില്ല (വിവാഹം രജിസ്റ്റർ ചെയ്തില്ലെങ്കിൽ അതിനുള്ള കാരണം രേഖപ്പെടുത്തേണ്ടതാണ്).".

7. ഫാറം IV-ന്റെ ഭേദഗതി.—ഫാറം IV-ലെ 3-ാം ഉൾക്കുറിപ്പിന് താഴെയുള്ള പട്ടികയിലെ "വിശദവിവരങ്ങൾ" എന്ന കോളത്തിനുകീഴിൽ, എഫ് (3) ഇനത്തിനു ശേഷമുള്ള "ഫോട്ടോഗ്രാഫുകൾ" "(ഫോട്ടോയിൽ ഓഫീസ് മുദ്ര പതിക്കേണ്ടതാണ്.)" എന്നീ വാക്കുകളും ബ്രാക്കറ്റുകളും അതിനെതിരെയുള്ള കോളങ്ങളും വിട്ടുകളയേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ശശിധരൻ നായർ,
*നിയമവകുപ്പ് സെക്രട്ടറി.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2010.